# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3746 17.10.2011 - ൽ മറുപടിക്ക്

## കാളിപ്പാറ ശുദ്ധജലവിതരണ പദ്ധതി

**ചോദ്യം**

ശ്രീമതി ജമീലാ പ്രകാശം

(എ) കാളിപ്പാറ ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നു മുതലാണ് ആരംഭിച്ചത് എന്നറിയിക്കാമോ;

**മറുപടി**

ശ്രീ. പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) കാളിപ്പാറയിൽ സ്ഥിതിചെയ്യുന്ന 36 MLD ജല ശുദ്ധീകരണശാല അടിസ്ഥാനമാക്കി താഴെ പ്പറയുന്ന 4 കുടിവെള്ള പദ്ധതികൾ നടപ്പാക്കി വരുന്നു.

1. <u>പാറശ്ശാലയ്ക്കും സമീപവില്ലേജുകൾക്കും, മറുകിൽ, മാറനല്ലൂർ വില്ലേജുകൾക്കും വേണ്ടിയുള്ള സമഗ്രശുദ്ധജല വിതരണ പദ്ധതി:</u>
   പാറശ്ശാലയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി എൽ.ഐ.സി യുടെ സഹായത്തോടെ 2002-ൽ തുടങ്ങുവാൻ തീരുമാനമായെങ്കിലും എൽ.ഐ.സി പിന്നീട് പിൻമാറിയതിനാൽ പണികൾ മുടങ്ങിക്കിടക്കുകയായിരുന്നു. മറുകിൽ, മാറനല്ലൂർ വില്ലേജുകൾക്കുവേണ്ടിയുള്ള പദ്ധതി 1993-ൽ 154 ലക്ഷം രൂപയുടെ ഭരണാനുമതിയിൽ കേന്ദ്രധനസഹായത്തോടുകൂടി തുടങ്ങി ഭാഗികമായി കമ്മീഷൻ ചെയ്തു. 2009-ൽ മാന്ദ്യവിരുദ്ധപദ്ധതിയിൽ ഉൾപ്പെടുത്തി 136.40 കോടി രൂപയുടെ ഭരണാനുമതിയിൽ മുടങ്ങി കിടന്ന പാറശ്ശാലക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതിയും, മറുകിൽ, മാറനല്ലൂർ വില്ലേജിനു വേണ്ടിയുള്ള ബാലൻസ് പണികളും ചേർത്ത് ഏറ്റെടുത്ത് ഇപ്പോൾ നടപ്പാക്കി വരുന്നു.

2. ഒറ്റശേഖരമംഗലം ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി ഘട്ടം - I

ഈ പദ്ധതി 1998ൽ 421 ലക്ഷം രൂപയുടെ ഭരണാനുമതിയിൽ കേന്ദ്ര ധന സഹായത്തോടു കൂടി ആരംഭിച്ചു. 2002-ൽ ഈ പദ്ധതിക്ക് 860 ലക്ഷം രൂപയുടെ റിവൈസ്ഡ് ഭരണാനുമതി നൽകി ഇപ്പോൾ നടപ്പാക്കി വരുന്നു.

3. ഒറ്റശേഖരമംഗലം ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി ഘട്ടം - II

ഈ പദ്ധതി 1998- ൽ 615 ലക്ഷം രൂപയുടെ ഭരണാനുമതിയിൽ ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചു. 2002-ൽ 1235 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിച്ചു. പദ്ധതി ഇപ്പോൾ നടന്നു വരുന്നു.

4. നെയ്യാറ്റിൻകര നഗരശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണം

ഈ പദ്ധതി 1995-ൽ 973 ലക്ഷം രൂപയുടെ അനുമതിയിൽ എൽ.ഐ.സി യുടെ സാമ്പത്തിക സഹായത്തോടു കൂടി ആരംഭിച്ചു. എൽ.ഐ.സി ധനസഹായം പിൻവലിച്ചതിനാൽ പദ്ധതി മുടങ്ങിക്കിടക്കുകയായിരുന്നു. 2009-ൽ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 408 ലക്ഷം രൂപയുടെ ഭരണാനുമതിയിൽ പദ്ധതിയുടെ ബാക്കി പണികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നു

| | |
|---|---|
| (ബി) ഏതൊക്കെ പഞ്ചായത്തുകളിലാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്; | (ബി) ഓരോ പദ്ധതിയുടെയും പ്രയോജനം ലഭിക്കുന്ന പഞ്ചായത്തുകൾ ചുവടെ ചേർക്കുന്നു. |

1 പാറശ്ശാലയ്ക്കും സമീപവില്ലേജുകൾ ക്കും, മറുകിൽ, മാറനല്ലൂർ വില്ലേജുകൾ ക്കും വേണ്ടിയുള്ള പദ്ധതി:

ഈ പദ്ധതി പാറശ്ശാല, കരുംകുളം, കാഞ്ഞിരംകുളം, തിരുപുറം,

കുളത്തൂർ, കാരോട്, ചെങ്കൽ, കൊല്ലയിൽ, പൂവ്വാർ, മലയിൻകീഴ്, മാറനല്ലൂർ പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്നു.

2. ഒറ്റശേഖരമംഗലം ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി ഘട്ടം - I

   ഒറ്റശേഖരമംഗലം, കള്ളിക്കാട് പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്നു.

3. ഒറ്റശേഖരമംഗലം ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി ഘട്ടം - II

   വെള്ളറട, അമ്പൂരി പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്നു.

4. നെയ്യാറ്റിൻകര നഗര ശുദ്ധജലവിതരണ പദ്ധതി

   നെയ്യാറ്റിൻകര നഗരസഭയ്ക്ക് പ്രയോജനപ്പെടുന്നു.

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങളുടെയും നിർമ്മാണ പ്രവർത്തന പുരോഗതിയുടെയും റിപ്പോർട്ട് ലഭ്യമാക്കാമോ;

(സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(ഡി) എന്ന് ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ഡി) പദ്ധതിയുടെ ഭാഗമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഏറ്റെടുത്ത് കൈമാറേണ്ട സ്ഥലങ്ങൾ സമയബന്ധിതമായി ഏറ്റെടുത്ത് കൈമാറിയാൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2 വർഷം കൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ